# പി.സി.ഒ.ഡി

(പോളിസിസ്റ്റിക് ഓവറിയൻ ഡിസീസ്)

"നമാമി ധന്വന്തരിം ആദി ദേവം
സുരാസുരൈർ വന്ദിത പാദ പത്മം
ലോകേ ജരാ രുക് ഭയ മൃത്യുനാശം
ധാതാരമീശം വിവിധൌ ഷധീനാം"

ഇന്ന് 15 വയസു മുതൽ 30 വയസു വരെയുള്ള പെൺകുട്ടികളിലും, സ്ത്രീകളിലും സർവ്വസാധാരണമായി കണ്ടുവരുന്ന ഒരു പ്രശ്നക്കാരിയാണ് പി.സി.ഒ.ഡി. അതായത് പോളി സിസ്റ്റിക് ഓവേറിയൻ ഡിസീസ്.

ഈ രോഗമുള്ള കുട്ടികൾക്ക് ആർത്തവം തന്നെ വളരെ താമസിച്ചാണ് തുടങ്ങുന്നത്. തുടങ്ങിയാലും കുറഞ്ഞ് കുറഞ്ഞ് ആർത്തവചക്രം നീണ്ട് മാസങ്ങളോളം ഉണ്ടാകാതിരിക്കുന്ന അവസ്ഥയെ പ്രാപിക്കുന്നു, അഥവാ ആർത്തവം ഉണ്ടായാൽത്തന്നെ കലശലായ വേദന (വയറ്റിൽ), ഇടുപ്പുവേദന, ഛർദ്ദി, തലവേദന, ക്ഷീണം, മടി, അലസത ഇവയുണ്ടാകുന്നു. ഇവരിൽ പ്രായത്തിൽ കവിഞ്ഞവണ്ണം, ദേഹത്തും മുഖത്തും അതിയായ രോമവളർച്ച, മുടികൊഴിച്ചിൽ ഇവ കാണപ്പെടുന്നു. ശ്രദ്ധിക്കാതെയും ചികിത്സിക്കാതെയും ഇരുന്നാൽ ഭാവിയിൽ വന്ധ്യതയ്ക്കുള്ള സാധ്യത ഇവരിൽ പ്രതീക്ഷിക്കാം. ആർത്തവം എന്നാൽ ഒരു സ്ത്രീയുടെ പ്രത്യുൽപാദന കാലങ്ങളിലെ വളരെ സുപ്രധാനമായ ഒരു പ്രക്രിയയാണ്.

ജനനേന്ദ്രിയത്തിന്റെയും അതുമായി ബന്ധപ്പെട്ട ഗ്രന്ഥികളുടേയും ശരിയായ പ്രവർത്തനത്തിന്റെ ബാഹ്യപ്രകടനം ആണ് ശരിയായ ആർത്തവം. ആർത്തവം സാധാരണ 12-14 വയസ്സാകുന്നതോടെ തുടങ്ങി 45-50-55 വയസ്സിൽ നിൽക്കുന്നു. ബീജസംയോഗം നടന്ന ഭ്രൂണത്തെ ഉൾക്കൊണ്ട് സംരക്ഷിക്കുന്നതിനായി അണ്ഡാശയത്തിൽ നിന്നും വരുന്ന ഹോർമോണുകളുടെ സഹായത്താൽ ഗർഭാശയത്തിന്റെ ആന്തരവലയം തയ്യാറാകുന്നു. ഗർഭം ഫലപ്രാപ്തിയാകാത്ത സാഹചര്യത്തിൽ ആന്തരവലയം വിസർജ്ജിക്കപ്പെടുന്നതാണ് ആർത്തവമായിത്തീരുന്നത്. എല്ലാ മാസവും അണ്ഡോൽപാദനം നടക്കണമെന്നില്ല. അണ്ഡോൽപാദനം നടക്കാതേയും ആർത്തവം സംഭവിക്കുന്നു.

അണ്ഡാശയത്തിൽ ഉൽപാദിക്കപ്പെടുന്ന ഹോർമോണുകളാണ് ഈസ്ട്രജനും, പ്രൊജസ്ട്രോണും. ഈ ഹോർമോണുകൾ ഗർഭാശയത്തിൽ പ്രവർത്തിക്കുന്നതിന്റെ ഫലമായാണ് ആർത്തവം ഉണ്ടാകുന്നത്.

പക്വാശയം കേന്ദ്രമാക്കി വൃഷണങ്ങൾ, മൂത്രാശയം, ലിംഗം, നാഭി, ഊരുപ്രദേശം, വംക്ഷണങ്ങൾ, ഗുദം എന്നീ ഭാഗങ്ങളിൽ സഞ്ചരിച്ച് മലമൂത്രവിസർജ്ജനം, ശുക്ലാർത്തവപ്രവർത്തനം, ഗർഭോൽപാദനം, ഗർഭനിഷ്കമന്നം ഇവയെ യഥാവിധി പ്രവർത്തിപ്പിക്കുക എന്നതാണ് അപാനവായുവിന്റെ ധർമ്മം.

ആർത്തവരോധം, അനാർത്തവം, അമിത ആർത്തവം ഇപ്രകാരം ആർത്തവക്രമങ്ങളിൽ വൈകല്യം സൃഷ്ടിക്കുന്ന പ്രധാന സൂത്രധാരൻ സാക്ഷാൽ അപാനവായുവാണെന്നതിൽ സംശയമില്ല. ഈ അപാനവായുവിന്റെ ഗതിതടസ്സം മാറ്റി ശരിയായ രീതിയിൽ പ്രവർത്തനക്ഷമം ആക്കിയാൽ രോഗശാന്തി ലഭിക്കുന്നു. ഉദ്വർത്തനം, അവഗാഹം സ്നേഹപാനം, വിരേചനം, പത്രപോടലം, വസ്തി ഇങ്ങിനെ ചികിത്സാ ദോഷനിരൂപണം ചെയ്ത് നിശ്ചയിക്കേണ്ടതാണ്.

**ചികിത്സാനുഭവം**

20 വയസ്സായ ഒരു പെൺകുട്ടി 6 - 7 മാസങ്ങളായി കൃത്യമായി മാസക്കുളി വരാത്തതിനാൽ ഒരു സ്ത്രീരോഗ വിദഗ്ധയെ സമീപിക്കുകയും ആ ഡോക്ടറുടെ ഉപദേശപ്രകാരം U.S.G Scan നടത്തുകയും, രണ്ടു അണ്ഡാശയങ്ങളിലും Cyst ഉള്ളതായി തെളിയിക്കുകയും ചെയ്തു. ഡോക്ടർ P.C.O.D യുടെ മരുന്നുകൾ നിർദ്ദേശിച്ചു. 2 ആഴ്ചകൾ മരുന്ന് കഴിച്ചപ്പോൾ കുട്ടിക്ക്, ദേഹം വിറയലും, തളർച്ചയും, വിശപ്പില്ലായ്മയും, തലകറക്കവും, ഉറക്കക്കൂടുതലും (പകൽ സമയം ക്ലാസിൽ ഇരിക്കുമ്പോഴും) പൊതുവെ ക്ഷീണം ഉണ്ടാവുകയും തന്നിമിത്തം കോളേജിൽ പോകുവാനും ക്ലാസ്സിൽ ശ്രദ്ധിക്കാനും പറ്റാതാകുകയും ചെയ്തു. കുട്ടി വീണ്ടും ഡോക്ടറെ സമീപിച്ചു. ഇതിനുള്ള മരുന്നുകൾ കഴിക്കാതെ നിവർത്തിയില്ല. തീരെ കഴിക്കാൻ പറ്റുന്നില്ല. എങ്കിൽ ആയുർവേദ ചികിത്സ കൊടുക്കാമോ എന്ന് കുട്ടിയുടെ അമ്മ ചോദിച്ചപ്പോൾ വിരോധമില്ല എന്ന് ഡോക്ടർ പറയുകയും ചെയ്തു.

അതിൻപ്രകാരം അവർ എന്നെ വന്നു കാണുകയുണ്ടായി. പരിശോധനാകുറിപ്പുകൾ എല്ലാം കൊണ്ടു വരികയുണ്ടായി. അതിൽ നിന്നും P.C.O.D ഉള്ളതായി മനസ്സിലായി. ഈ കുട്ടിയ്ക്ക് ഇടയ്ക്കിടക്ക് യോനീമാർഗ്ഗേണ കൊടുത്ത ജലസ്രാവം ഉള്ളതായും പറഞ്ഞു.

ദോഷനിരൂപണം ചെയ്ത് വേണ്ടതായ ചികിത്സകൾ നിർദ്ദേശിച്ചു. 3 മാസത്തെ ചികിത്സയ്ക്കിടയിൽ ഒരു ദിവസം ഈ കുട്ടിയ്ക്ക് കലശലായി ഇടുപ്പിലും, വയറിലും വേദന അനുഭവപ്പെടുകയും, തന്മൂലം രക്തസ്രാവം ഉണ്ടാവുകയും ചെയ്തു. കറുത്തതും കൊഴുത്തതുമായ കട്ടപിടിച്ച രക്തവും രക്തം കലർന്ന ദ്രാവകയും സ്രവിച്ചു.

ആ സ്രാവത്തിന് അതിയായ ദുർഗന്ധം ഉണ്ടായതായും അറിയിച്ചു. അതിനുശേഷവും ചികിത്സ 3 മാസം കൂടി തുടർന്നു. പിന്നീടുള്ള മാസങ്ങളിൽ ആർത്തവം ക്രമമായി വരികയും, കറുത്തതും കട്ടകളുള്ളതും, ദുർഗന്ധമുള്ളതുമായ രക്തസ്രാവം ഉണ്ടായെങ്കിലും ഓരോ പ്രാവശ്യം കഴിയുന്തോറും, ദുർഗന്ധം, കട്ടകൾ, കറുത്ത നിറം ഇവ കുറഞ്ഞു വരികയും ചെയ്തു. 6 മാസത്തെ ചികിത്സയ്ക്കു ശേഷം വീണ്ടും U.S.G ചെയ്തപ്പോൾ രണ്ടു ഓവറികളിലും Cyst ഇല്ലെന്ന് കാണുകയും തുടർന്ന് മാസക്കുളി കൃത്യമായി വരികയും ചെയ്തു. അധികം താമസിയാതെ കുട്ടി വിവാഹിതയാകുകയും, രണ്ടുകുട്ടികളെ പ്രസവിക്കുകയും ചെയ്ത് സുഖമായി ജീവിക്കുന്നു.

കൃത്യമായ സമയത്ത് ശരിയായ ചികിത്സ ചെയ്താൽ P.C.O.D എന്ന വിപത്തിൽ നിന്നും മോചനം നേടാം. ആയുർവേദ ശാസ്ത്രത്തിൽ ഇതിന് കൃത്യമായ ചികിത്സ ഉണ്ടെന്ന് എന്റെ ഈ അനുഭവം വ്യക്തമാക്കുന്നു. ഇന്നും ഇതേ ചികിത്സക്കായി അനുദിനം എന്നെ സമീപിക്കുന്നവർ ധാരാളമാണ്.

**ഡോ. ആർ. ഭഗവതി അമ്മാൾ**
**സീതാറാം ആയുർവേദ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ**
**വെളിയന്നൂർ റോഡി, തൃശൂർ - 680 021**
**ഫോൺ: 09497061929**